ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 08.12.2024**

1. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ കമ്മീഷൻ ചെയർമാനും അംഗങ്ങളും ഇന്ന് സംസ്ഥാനത്തെത്തും.

2. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംഘടിപ്പിക്കുന്ന താലൂക്ക്തല അദാലത്തിന് നാളെ തുടക്കം. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത്.

3. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുമായും ജനപ്രതിനിധികളുമായും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ സംവദിക്കും.

4. ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിന് പ്രത്യേക പരിഗണന ആവശ്യമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.

5. ഏഷ്യ കപ്പ് ജൂനിയർ വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും; ഐ എസ് എല്ലിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- മോഹൻ ബഗാൻ പോരാട്ടം.

*****************************************************************

RNU TVPM

ഹെഡ്‌ലൈൻ-1

## ധനകാര്യ കമ്മീഷൻ

പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയയും അംഗങ്ങളുമടങ്ങിയ സംഘം ഇന്ന് സംസ്ഥാനത്തെത്തും. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതാനായി സംസ്ഥാനങ്ങളിലേക്കുള്ള പഠന യാത്രകളുടെ ഭാഗമായാണ് സന്ദർശനം. ഉച്ചയ്ക്ക് കൊച്ചിയിലെത്തുന്ന സംഘത്തെ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന്റെ നേതൃത്വത്തിൽ സ്വീകരിക്കും. തുടർന്ന് സംഘം കുമരകത്തേയ്ക്ക് യാത്രതിരിക്കും. ചൊവ്വാഴ്ച കോവളത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. 2026 ഏപ്രിൽ ഒന്നുമുതലാണ് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധന വിഹിതങ്ങൾ കേരളത്തിന് ലഭ്യമായി തുടങ്ങുക.

RNUTVPM

***************************

## ആർച്ച് ബിഷപ്പ് മാർ ജോർജ് കൂവക്കാട്ടിൽ

ചങ്ങനാശേരി സ്വദേശി ആർച്ച് ബിഷപ്പ് മാർ ജോർജ് കൂവക്കാട്ടിൽ റോമൻ കത്തോലിക്കാ സഭയുടെ കർദിനാളായി സ്ഥാനമേറ്റത് ഇന്ത്യയ്ക്ക് അഭിമാനവും സന്തോഷവും നൽകുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മനുഷ്യരാശിയുടെ സേവനത്തിനായി തന്റെ ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള കർദിനാൾ കൂവക്കാടിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ന് വൈകുന്നേരം സാന്താ അനസ് താസിയ സീറോ മലബാർ ബസിലിക്കയിൽ കർദിനാൾ ജോർജ് കൂവക്കാട്ടിലിന്റെ കാർമികതത്വത്തിൽ മലയാളത്തിൽ കുർബാന അർപ്പിക്കും.

***************************

ഹെഡ്‌ലൈൻ-2

**കേരള-അദാലത്ത്**

സംസ്ഥാനത്ത് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'കരുതലും കൈത്താങ്ങും' താലൂക്ക്തല അദാലത്തുകൾ നാളെ മുതൽ ആരംഭിക്കും. സംസ്ഥാനത്തെ എല്ലാ താലൂക്കിലും മന്ത്രിമാർ നേരിട്ടെത്തി പരാതികൾ സ്വീകരിക്കും. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ നാളെ രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. karuthal.kerala.gov.in എന്ന വെബ്സൈറ്റ് വഴിയോ അക്ഷയ സെന്റർ വഴിയോ താലൂക്ക് ഓഫീസിലെ ഹെൽപ്പ് ഡെസ്ക് വഴിയോ പരാതികൾ സമർപ്പിക്കാം.

RNU TVPM

***************************

ഹെഡ്‌ലൈൻ-4

**എ.കെ ശശീന്ദ്രൻ - വയനാട് ( ഇൻട്രോ)**

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിന് പ്രത്യേക പരിഗണന വേണമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. വയനാട് പുനരധിവാസത്തിൽ സംസ്ഥാന സർക്കാരിന് ഉദാസീനതയോ ഒളിച്ചുകളിയോ ഇല്ലെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വയനാട് ഉരുൾപൊട്ടൽ സവിശേഷദുരന്തമായി പ്രഖ്യാപിക്കണമെന്നാണ് സർക്കാർ ആവശ്യമെന്നും മന്ത്രി വ്യക്തമാക്കി.

(വോയിസ്......)

***************************

## വയനാട് - വി. മുരളീധരൻ

വയനാട് ദുരന്തത്തെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമത്തിൽ നിന്നും സംസ്ഥാന സർക്കാർ പിന്മാറണമെന്ന് ബിജെപി നേതാവും മുൻ കേന്ദ്രസഹമന്ത്രിയുമായ വി. മുരളീധരൻ. ദുരിതബാധിതർക്കുള്ള ധനസഹായം സംബന്ധിച്ച് കോടതി വിധി വന്നതിലൂടെ വ്യക്തത വന്നതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

***************************

## നിർമിത ബുദ്ധി കോൺക്ലേവ് - ആർ ബിന്ദു

നിർമിത ബുദ്ധിയും വിദ്യാഭ്യാസത്തിന്റെ ഭാവിയും എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ചൊവ്വാഴ്ച വരെ നടക്കുന്ന സമ്മേളനത്തിൽ ദേശീയ അന്തർദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്നുണ്ട്.

RNU TVPM

***************************

ഹെഡ്‌ലൈൻ-3

## മുഖ്യമന്ത്രി

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുമായും ജനപ്രതിനിധികളുമായും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഓൺലൈനായി സംവദിക്കും. അതിദാരിദ്ര്യ നിർമ്മാജനം, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, മാലിന്യമുക്ത നവകേരളം എന്നിവ സംബന്ധിച്ച സംയോജിത പ്രവർത്തനം ആവിഷ്കരിക്കുകയാണ് യോഗത്തിന്റെ ലക്ഷ്യം. മന്ത്രിമാരായ

എം ബി രാജേഷ്, വീണാ ജോർജ്, ആർ ബിന്ദു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവരും യോഗത്തിൽ പങ്കെടുക്കും.

**************************

## തദ്ദേശ വാർഡ് - ഉപതെരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 31 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. വോട്ടെടുപ്പ് ചൊവ്വാഴ്ച രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്.

**************************

## ആകാശവാണി നിലയം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര ഇന്ന് ആലപ്പുഴ തലവടി ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. തോമസ് കെ തോമസ് എം.എൽ.എ ഉദ്ഘാടനം നിർവ്വഹിക്കും. കുട്ടനാടിന്റെ ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ പ്രശസ്ത ചരിത്രകാരൻ എം.ജി ശശിഭൂഷൺ പ്രഭാഷണം നടത്തും. ശ്രദ്ധേയരായ കഥാകൃത്തുക്കൾ പങ്കെടുക്കുന്ന കഥയരങ്ങും ഇതോടനുബന്ധിച്ച് നടക്കും.

PNU TVPM

**************************

## പിണറായി കോൺഗ്രസ് ഓഫീസ്

കണ്ണൂർ പിണറായിയിൽ പുതിയ കോൺഗ്രസ് ഓഫീസ് കെട്ടിടത്തിന് നേരെ ആക്രമണം. പിണറായി കോഴൂർ-കനാൽക്കര പ്രിയദർശിനി മന്ദിരത്തിന് നേരെയാണ് ഇന്നലെ

രാത്രി അക്രമം ഉണ്ടായത്. പ്രധാന വാതിലിന് തീ വെച്ച അക്രമികൾ ജനൽ ചില്ലുകൾ തകർത്തു. കോൺഗ്രസ് ഓഫീസ് കെട്ടിടം ഇന്ന് വൈകിട്ട് കെപിസിസി പ്രസിഡണ്ട് കെ സുധാകരൻ ഉദ്ഘാടനം ചെയ്യാൻ നിശ്ചയിച്ചതായിരുന്നു.

****************************

## കേന്ദ്രീയ വിദ്യാലയ-ഇടുക്കി

കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നത് ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ. ഇതിനായി കണ്ടെത്തിയ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കാനുള്ള നടപടിയാരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

****************************

## ബോർഡർ-ഗവാസ്കർ ട്രോഫി

ബോർഡർ-ഗവാസ്കർ ട്രോഫി രണ്ടാം ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് പത്തു വിക്കറ്റ് തോൽവി. 5 വിക്കറ്റ് നഷ്ടത്തിൽ 128 റൺസെന്ന നിലയിൽ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിച്ച ഇന്ത്യ 175 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്തായി. 19 റൺസ് വിജയ ലക്ഷ്യം ഓസീസ് വിക്കറ്റൊന്നും നഷ്ടപ്പെടാതെ അനായാസം മറികടക്കുകയായിരുന്നു. ഇതോടെ 5 മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പരയിൽ ഇരുടീമുകളും 1-1 എന്ന നിലയിലായി.

****************************

RNU TVPM

ഹെഡ്ലൈൻ-5

## വനിതാ ഹോക്കി

മസ്കറ്റിൽ നടക്കുന്ന ഏഷ്യ കപ്പ് ജൂനിയർ വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യയ്ക്കും ബംഗ്ലാദേശിനും പുറമെ പൂൾ എ യിൽ ചൈന, മലേഷ്യ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളാണുള്ളത്. ജ്യോതി സിംഗ് ആണ് ഇന്ത്യൻ ടീമിനെ നയിക്കുക. ഈ മാസം 15 നാണു ഫൈനൽ.

***************************

ഹെഡ്ലൈൻ-5എ

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - മോഹൻ ബഗാനെ നേരിടും. രാത്രി 07.30 നാണ് മത്സരം.

***************************

PNU TVPM

## ശബരിമല-വനം വകുപ്പ് (ഇൻട്രോ)

ശബരിമല തീർത്ഥാടന കാലം ആരംഭിച്ച് ഇതുവരെ മേഖലയിൽ നിന്നും പിടികൂടിയത് 127 പാമ്പുകളെ. വിഷപാമ്പുകളുടെ സാന്നിധ്യം കൂടുതലായതിനാൽ തീർഥാടകർ പരമ്പരാഗത പാതകൾ മാത്രമേ ഉപയോഗിക്കാവൂ എന്നും കുറുക്കുവഴികളിലൂടെ സഞ്ചരിക്കരുതെന്നും വനം വകുപ്പ് മുന്നറിയിപ്പ് നൽകി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

*****************************

## കാനം രാജേന്ദ്രൻ-ചരമ വാർഷികം

സിപിഐ സംസ്ഥാന സെക്രട്ടറിയായിരുന്ന കാനം രാജേന്ദ്രന്റെ ഒന്നാം ചരമവാർഷികം ഇന്ന്. മന്ത്രിമാരായ പി പ്രസാദ്, കെ രാജൻ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എന്നിവർ കാനത്തിന്റെ വീട്ടിലെത്തി സ്മൃതി മണ്ഡപത്തിൽ ആദരഞ്ജാലികൾ അർപ്പിച്ചു. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

*****************************

## ചക്കുളത്ത് കാവ് - ആലപ്പുഴ

ആലപ്പുഴയിലെ ചക്കുളത്ത് കാവ് ഭഗവതി ക്ഷേത്രത്തിൽ പൊങ്കാല ഉത്സവത്തിന്റെ ഭാഗമായി കാർത്തികസ്തംഭം ഇന്ന് ഉയർത്തും. 13 നാണ് പൊങ്കാല ഉത്സവം.

RNU TVPM

*****************************

## മന്ത്രി ശശീന്ദ്രൻ - ആന

കേരളത്തിലെ ഉത്സവങ്ങളിലെ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് നിയമനിർമാണം നടത്താൻ സർക്കാർ ആലോചിക്കുന്നതായി മന്ത്രി എ.കെ ശശീന്ദ്രൻ. അടിയന്തിരമായി ഉന്നതതല യോഗം വിളിച്ചു ചേർത്ത് പ്രായോഗികത സംബന്ധിച്ച് കോടതിയെ അറിയിക്കും. ദേവസ്വം ബോർഡുകൾക്ക് വിഷയത്തിൽ കോടതിയെ സമീപിക്കാമെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു.

*****************************

## ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്

കോഴിക്കോട് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നാലാം സീസണിന്റെ സംഘാടക സമിതി ഓഫീസ് മന്ത്രി എ.കെ. ശശീന്ദ്രൻ നാളെ വൈകിട്ട് ഉദ്ഘാടനം ചെയ്യും. ഈ മാസം 27, 28, 29 തീയതികളിൽ ബേപ്പൂർ മറീന ബീച്ചിലാണ് വാട്ടർ ഫെസ്റ്റ് നടക്കുന്നത്. പരിപാടിയുടെ ഭാഗമായി ജലകായികമേള, ജലഘോഷയാത്ര, കലാപരിപാടികൾ, ഭക്ഷ്യമേള തുടങ്ങിയവ സംഘടിപ്പിക്കും.

*

****************

**************************************

RNU TVPM